പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 8135 | 17.07.2014- ൽ മറുപടിക്ക് |

## പാക്കേജ്ഡ് ഡ്രിംങ്കിംഗ് വാട്ടർ ഗുണനിലവാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടറിന്റെ ഗുണനിലവാരം പരിശോധിച്ച് സർട്ടിഫൈ ചെയ്യാൻ ആർക്കാണ് ചുമതല നൽകിയിട്ടുള്ളത്; | എ) | BIS.(ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാന്റേർഡ്)നും, ഭക്ഷ്യസുരക്ഷാ വകുപ്പിനും ചുമതല നൽകിയിട്ടുണ്ട്. |
| ബി) | ഫാക്ടറികൾ പരിശോധിക്കാനും ഗുണനിലവാരം ഉറപ്പാക്കാനും പ്രസ്തുത ഉദ്യോഗസ്ഥർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ; | ബി) | ഭക്ഷ്യസുരക്ഷാ ഓഫീസർമാർ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ നിലവാര നിയമത്തിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്. |
| സി) | ഗുണനിലവാരം ഇല്ലാത്തതിന്റെ പേരിൽ എത്ര കമ്പനികൾക്കെതിരെയാണ് കേസെടുത്തിട്ടുള്ളത്; ഏതൊക്കെ എന്നു ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇവർക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സി) | ഉണ്ട്. 3 കമ്പനികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ടി കമ്പനികൾക്കെതിരെ ഭക്ഷ്യസുരക്ഷാ നിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും നിഷ്കർഷിക്കുന്ന പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 1 |
| കൊല്ലം | — |
| പത്തനംതിട്ട | — |
| ആലപ്പുഴ | — |
| കോട്ടയം | — |
| ഇടുക്കി | — |
| എറണാകുളം | — |
| തൃശ്ശൂർ | — |
| മലപ്പുറം | — |
| പാലക്കാട് | — |
| കോഴിക്കോട് | — |

| | | | |
|---|---|---|---|
| | | | വയനാട് — <br> കണ്ണൂർ 2 <br> കാസറഗോഡ് — <br> ആകെ 3 |
| ഡി) | ഗ്രാമീണ മേഖലയിൽ ഉൾപ്പെടെ . കുടിവെള്ള ഉല്പാദന രംഗത്തു പ്രവർത്തിക്കുന്ന മുഴുവൻ കമ്പനികളും ഗുണനിലവാരമുള്ള ഉല്പന്നങ്ങളാണ് നൽകുന്നത് എന്ന് ഉറപ്പാക്കാനും ഇവയുടെ ഗുണനിലവാരം ജനങ്ങളെ ബോധ്യപ്പെടുത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | ഡി) | സംസ്ഥാനത്ത് ലഭ്യമാകുന്ന കുടിവെള്ളം ഉൾപ്പെടെ എല്ലാ ഭക്ഷ്യവസ്തുകളുടെയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസഥർ <br> ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. നിശ്ചിത നിലവാരമില്ലാത്ത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുകയോ വിതരണം നടത്തുകയോ വിൽപന നടത്തുകയോ ചെയ്യുന്നവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും ചട്ടത്തിലും അനുശാസിക്കും പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**